ഈ ഇനങ്ങളിലായി ഏകദേശം 10 ലക്ഷം രൂപയുടെ അധികവരവ് പ്രതീക്ഷിക്കുന്നു.

കോർട്ടുഫീസ്

കേരളാ കോർട്ട്ഫീസ് ആൻറ് സ്യൂട്ട് വാല്യുവേഷൻ ആക്ടിലെ ഒന്നാം ഷെഡ്യൂൾ ഒന്നാം ആർട്ടിക്കിളിൽ പറഞ്ഞിരിക്കുന്ന പത്രികയ്ക്കും (പ്ലെയിൻറ്) മറ്റുചില ഇനങ്ങൾക്കുമുള്ള ഫീസ് നിരക്കുകൾ 37 പൈസയിൽനിന്ന് 40 പൈസയായും 75 പൈസയിൽ നിന്ന് 80 പൈസയായും ഉയർത്തുന്നതാണ്.

ഏതെങ്കിലും നിയമമനുസരിച്ചോ തത്തുല്യമായ റൂളുകൾ അനുസരിച്ചോ ഉള്ള അധികാരം പ്രയോഗിക്കേണ്ടാത്ത തരത്തിലുള്ള അപേക്ഷകൾ സർക്കാരിനു സമർപ്പിക്കുന്നതിനുള്ള ഫീസ് 50 പൈസയിൽനിന്ന് ഒരു രൂപയാക്കുന്നതാണ്. റവന്യൂ ബോർഡിനോ, ചീഫ് എക്സിക്യൂട്ടീവ് അതോറിട്ടിക്കോ സമർപ്പിക്കുന്ന മേൽപ്പറഞ്ഞ തരത്തിലുള്ള അപേക്ഷയ്ക്കുള്ള ഫീസ് ഒന്നര രൂപയിൽനിന്നും ഒരു രൂപയാക്കി കുറയ്ക്കുന്നതാണ്.

പ്രോവിഡണ്ട് ഫണ്ട് നിരക്ക്

കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥൻമാർ ഇപ്പോൾ പ്രോവിഡൻറ് ഫണ്ടിലേക്കു നൽകുന്ന ഏറ്റവും കുറഞ്ഞ നിരക്ക് 6 ശതമാനമാണ്. ഈ നിരക്ക് 1–4–1970 മുതൽ 8 ശതമാനമായി ഉയർത്താൻ ഉദ്ദേശിക്കുന്നു. ഈ കൂടിയ നിരക്ക് എയിഡഡ് സ്കൂളുകളിലെ ജീവനക്കാർക്കുള്ള പ്രോവിഡൻറ്ഫണ്ടിനും കൂടി ബാധകമാക്കുന്നതാണ്. ഇതിൽനിന്നുള്ള അറ വരവ് പ്രതിവർഷം ഏതാണ്ട് 70 ലക്ഷം രൂപയായിരിക്കും.

ഒരു പ്രത്യേക വിഭാഗമെന്ന നിലയ്ക്ക് സർക്കാർ ജീവനക്കാർക്ക് കുറഞ്ഞൊരു കാലമായി ലഭിച്ചുവരുന്ന താരതമ്യേന കൂടുതലായുള്ള ആനുകൂല്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിൻെറ വിഭവ സഞ്ചയത്തിലേക്ക് അവരുടേതായ ചെറിയ ഒരു സംഭാവന മേൽപ്പറഞ്ഞ തോതിൽ നൽകുന്നതിന് അവർ ഒട്ടും തന്നെ വൈമുഖ്യം കാണിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മേൽ വിവരിച്ച നികുതി നിർദ്ദേശങ്ങളിൽനിന്നു ലഭിക്കുന്ന വരവ് ഏതാണ്ട് 190 ലക്ഷം രൂപയായിരിക്കും. പ്രോവിഡൻറ് ഫണ്ട് നിക്ഷേപത്തിലുള്ള അറവർദ്ധന 70 ലക്ഷം രൂപയാണ്. അങ്ങനെ സംസ്ഥാനത്തിൻെറ വരവിനത്തിൽ മൊത്തത്തിൽ 260 ലക്ഷം രൂപ അധികമുണ്ടാകുന്നതാണ്. സംസ്ഥാനങ്ങൾക്കുള്ള യൂണിയൻ എക്സൈസ് തീരുവകളുടെ 1970–71–ലേക്കുള്ള വിഹിതത്തിൽ നേരിയതോതിൽ വർദ്ധനയുണ്ടെന്നുള്ള വിവരം ബഡ്ജറിനു അന്തിമരൂപം കൊടുത്തതിനു ശേഷമാണ് അറിഞ്ഞിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തിൻെറ വിഹിതത്തിലുള്ള വർദ്ധന ഏതാണ്ട് 15 ലക്ഷം രൂപയാണ്. എസ്റേറ്റ് ഡ്യൂട്ടി ഇനത്തിലും രണ്ടുലക്ഷം രൂപ കൂടുതൽ ലഭിക്കുന്നതാണ്. ഇക്കാര്യങ്ങളെല്ലാം കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറിലെ മൊത്തം കമ്മി 25.86 കോടി രൂപയിൽനിന്നും 23.09 കോടി രൂപയായി കുറയുന്നതാണ്. തന്നിമിത്തം വർഷാവസാനത്തിലുള്ള നീക്കിയിരിപ്പ്–36.83 കോടി രൂപയായിരിക്കുമെന്നു കണക്കാക്കുന്നു.

പെൻഷൻ ആനുകൂല്യങ്ങൾ

സംസ്ഥാന ഗവൺമെൻറിൻെറ സാമ്പത്തികസ്ഥിതി അനുകൂലമല്ലെങ്കിലും അഗതികളും പെൻഷൻകാരിൽ ഒരു വിഭാഗവും സത്വരമായ ആശ്വാസം

LIBRARY ARCHIVES Kerala Legislative Assembly

അർഹിക്കുന്നുവെന്നു ഗവൺമെൻറു കരുതുന്നു. അതിൻപ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണ്:

(1) അഗതികൾക്കുള്ള പെൻഷൻ

കുറഞ്ഞതു പ്രതിമാസം 5 രൂപയും കൂടിയത് 15 രൂപയുമാണ് അഗതികൾക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ള പെൻഷൻ. ഈ പെൻഷൻ എല്ലാ പേർക്കും 20 രൂപയായി ഉയർത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ''അഗതിപെൻഷൻ പദ്ധതി''യുടെ ആനുകൂല്യങ്ങൾക്ക് അർഹരായ എല്ലാവർക്കും പ്രതിമാസം 20 രൂപാ വീതം ലഭിക്കുന്നതാണ്.

(2) സർവ്വീസ് പെൻഷൻ

സർവ്വീസ് പെൻഷൻകാരുടെ കുറഞ്ഞ പ്രതിമാസ പെൻഷൻ നിലവിലുള്ള 35 രൂപയിൽനിന്ന് 45 രൂപയായി ഉയർത്തുന്നതാണ്. ഈ ആനുകൂല്യം കേരളാ സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് പെൻഷൻവാങ്ങുന്ന എയിഡഡ് സ്കൂൾ അദ്ധ്യാപകർക്കും ബാധകമായിരിക്കും. 1-6-1960-ന് മുമ്പ് എയിഡഡ് സ്കൂളുകളിൽനിന്നും റിട്ടയർ ചെയ്ത ഒരു ചെറിയ വിഭാഗം അദ്ധ്യാപകരുണ്ട്. നീണ്ട വർഷക്കാലത്തെ സേവനത്തിനുശേഷം സർവ്വീസിൽനിന്നു പിരിഞ്ഞവരാണെങ്കിലും ഇക്കൂട്ടർക്ക് പെൻഷനോ മറെറന്തെങ്കിലും ആനുകൂല്യമോ ലഭിക്കുന്നില്ല. അതുകൊണ്ട് 1-3-1970 മുതൽ മിനിമം പെൻഷനായ 45 രൂപ ഇവർക്കും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ഏതാണ്ട് 50 ലക്ഷം രൂപയോളം ഈദൃശ നടപടികൾകൊണ്ട് അധിക ച്ചെലവു വരുമെന്നു കരുതുന്നു. 1970-71-ലെ ബഡ്ജററിൽ ഇതിനുള്ള വകകൊള്ളിച്ചിട്ടുണ്ട്.

ഒരുവാക്കുകൂടി. വിവിധ രംഗങ്ങളിൽ വികസന പ്രക്രിയ തുടർന്നു കൊണ്ടുപോകേണ്ടതിൻെറ ആവശ്യകത യഥാരീതിയിൽ കണക്കിലെടുത്തു കൊണ്ടാണ് ഈ ബഡ്ജററ് എസ്റിമേറുകൾക്കു രൂപം കൊടുത്തിട്ടുള്ളത്. നമ്മുടെ വിഭവസമാഹരണ ശേഷിക്കു കടിഞ്ഞാണിടുന്ന എല്ലാ പ്രതിബന്ധങ്ങളേയും ആത്മവിശ്വാസത്തോടുകൂടി എതിരിട്ടു പരാജയപ്പെടുത്തണമെന്ന കാര്യത്തിൽ നാം ദൃഢപ്രതിജ്ഞരാണ്. ഈ ദൃഢനിശ്ചയമനുസരിച്ച് ബാങ്കുകളിൽനിന്നും മററു സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും കഴിയുന്നത്ര സഹായം തേടുവാൻ നാം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഉദ്ദേശം ലക്ഷ്യമാക്കിക്കൊണ്ടാണു ഭവനനിർമ്മാണം, നഗരവികസനം, ഗ്രാമവികസനം, ആഭ്യന്തര ജലഗതാഗതം തുടങ്ങിയ മർമ്മപ്രധാനമായ രംഗങ്ങളിൽ ഫലപ്രദമായി പ്രവർത്തനം നടത്തുന്നതിനു ബോർഡുകളും മററു സ്വയംഭരണ സ്ഥാപനങ്ങളും രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ കാർഷിക സമ്പദ് ഘടനയും വൈവിദ്ധ്യോൻമുഖവും ഭദ്രമായ വളർച്ചയുടെ ഘട്ടത്തിലേക്കു കടന്നു നീങ്ങിക്കൊണ്ടിരിക്കുന്ന വ്യവസായ മേഖലയും ഭാവിയെപ്പററി നമുക്ക് ശുഭപ്രതീക്ഷകൾക്കു വകനൽകുന്നു. അങ്ങനെ അനുസ്യൂതമായ പുരോഗതിയുടേയും വികസനത്തിൻേറയും ഒരു കാലഘട്ടമാണു നമ്മുടെ മുന്നിലുള്ളത്. വിദ്യുച്ഛക്തി, ജലസേചനം, ഗതാഗതം, സാങ്കേതികശാസ്ത്രീയാധിഷ്ഠിതമായ വിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവയുടെ വികസനത്തിനും വിപുലീകരണത്തിനും, കഴിഞ്ഞ കാലങ്ങളിലായി നാം നടത്തിയിട്ടുള്ള ഭാരിച്ച മുതൽമുടക്ക് സമ്പദ്ഘടനയുടെ ക്രമാനുഗതവും, ബഹുമുഖവുമായ വികസനത്തിൻെറ അടിത്തറപാകിയിട്ടുണ്ട്. വികസന വ്യഗ്രത നിലനിർത്തുന്നതിനും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കു കൂടുതൽ സുഭിക്ഷവും ഐശ്വര്യസമ്പൂർണ്ണവുമായ ജീവിതം വാഗ്ദാനം ചെയ്യുന്നതിനും ഏകാഗ്രതയോടുകൂടിയുള്ള പ്രയത്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly